## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1473

31.10.2019-ൽ മറുപടിയ്ക്ക്

### കേരള ഹൗസിംഗ് ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി | ശ്രീ. ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള ഹൗസിംഗ് ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇനി എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ടെന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിലുള്ള 82 ഒഴിവുകളിൽ 4 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ നിലവിലെ ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ മുതലായവ നൽകുന്നതിന് പ്രയാസം നേരിടുകയാണ്. ആയതിനാൽ പി.എസ്.സി. വഴി പുതിയ നിയമനങ്ങൾ നടത്തി അധിക സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കുക പ്രയാസകരമാണ്. കൂടാതെ. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഓഫീസുകൾ പലതും നിർത്തലാക്കി വരുന്ന സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ മുഴുവൻ ഒഴിവുകളും നികത്തേണ്ട സാഹചര്യവും നിലവിലില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 31.12.2019 വരെ നിലവിലുള്ള ഒഴിവുകൾ കൂടാതെ വിരമിക്കൽ മുഖേന പുതിയ ഒഴിവുകൾ പ്രതീക്ഷിക്കുന്നില്ല. ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിലവിലുള്ള 82 ഒഴിവുകളിൽ 4 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലെ തസ്തികകൾ ഉൾപ്പെടെ വിവിധ കാറ്റഗറികളിലായി 205 തസ്തികകൾ റദ്ദ് ചെയ്യുന്നതിനുള്ള ഭവന നിർമ്മാണ ബോർഡിന്റെ പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. കൂടാതെ, നിലവിൽ ഒഴിഞ്ഞു കിടക്കുന്ന 481 തസ്തികകൾ റദ്ദാക്കുന്ന വിഷയത്തിൽ കൂടി റിപ്പോർട്ട് ലഭ്യമാക്കുവാൻ ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ